<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5282</u> <u>05-07-2024 - ൽ മറുപടിയ്ക്ക്</u>

<u>മലമ്പുഴ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് നിലവിൽ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | മലമ്പുഴ നിയോജക മണ്ഡലത്തിൽ താഴേ പറയുന്ന പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് .<br><br><u>എ) പുതുശ്ശേരി -പുതുപ്പരിയാരം</u><br><br>2018 -19 ഒന്നാം വർഷം<br><br>2019 -20 രണ്ടാം വർഷം<br><br>2020 -21 മൂന്നാം വർഷം<br><br><u>ബി) എലപ്പുള്ളി</u><br><br>2022 -23 ഒന്നാം വർഷം<br><br>2023 -24 രണ്ടാം വർഷം<br><br>2024 -25 മൂന്നാം വർഷം |
| (ബി) | പ്രസ്തുത പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തുവാൻ ഏതെങ്കിലും പഞ്ചായത്തുകളെ പരിഗണിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | മാനദണ്ഡങ്ങൾ പാലിച്ച് മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി വരും വർഷങ്ങളിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി മുഖാന്തിരം എന്തെല്ലാം സഹായങ്ങളാണ് കേരകർഷകർക്ക് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | നാളികേര വികസന പദ്ധതിയുടെ പ്രധാന ഘടകമാണ് കേരഗ്രാമം പദ്ധതി. തുടർച്ചയായ 100 ഹെക്ടർ തെങ്ങിൻ പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഒരു കേര ഗ്രാമത്തിനു മൂന്ന് വർഷം ധനസഹായം നൽകുന്നു. ഒന്നാം വർഷ കേരഗ്രാമത്തിന് 25.67 ലക്ഷം രൂപയും രണ്ടാം വർഷം 8.00 ലക്ഷം രൂപയും മൂന്നാം വർഷം 4.00 ലക്ഷം രൂപയും നൽകുന്നുണ്ട്.<br><br>നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിൻ തടമെടുക്കൽ, കുമ്മായംചേർക്കൽ, തൊണ്ട് അടുക്കൽ, ഇടവിളകൃഷി പ്രോൽസാഹിപ്പിക്കൽ, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത |

ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനം, എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

**ഒന്നാം വർഷം (100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമം )**

താഴെ പറയും പ്രകാരം 25.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലഭ്യമാക്കുന്നു.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് പരമാവധി Rs.19200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന സംയോജിത പരിചരണ മുറകൾ പ്രാദേശിക ആവശ്യാനുസരണം പ്രവർത്തനങ്ങൾ ആയി തെരഞ്ഞെടുക്കാവുന്നതാണ്.

| **പ്രവർത്തി** | **അനുവദനീയമായ സബ്സിഡി** |
|---|---|
| (a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ | 35 രൂപ/തെങ്ങ് |
| (b) തൊണ്ട് കുഴിച്ചിടീൽ | 50 രൂപ/തെങ്ങ് |
| (c) ഇടവിള കൃഷി | 6000രൂപ ഹെക്ടറിന് |
| (d)സംയോജിത വള പ്രയോഗം | |
| i) കുമ്മായം | 9 രൂപ/തെങ്ങ് |
| ii) രാസവളം /ജീവാണുവളങ്ങൾ | 20 രൂപ/തെങ്ങ് |
| Iii) മഗ്നീഷ്യം സൾഫേറ്റ് | 3.75രൂപ/തെങ്ങ് |
| iv) ജൈവവളം | 25 രൂപ/തെങ്ങ് |
| (e) സംയോജിത സസ്യസംരക്ഷണം | |
| i) സസ്യസംരക്ഷണം | 10 രൂപ/തെങ്ങ് |
| ii) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം) ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് | 75 രൂപ/തെങ്ങ് |
| f) രോഗംബാധിച്ചതും ഉൽപ്പാദന ശേഷി നശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന് | 1000 രൂപ/തെങ്ങ് |
| g) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് | 60 രൂപ/തെങ്ങ് |

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ, ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

| | | | |
|---|---|---|---|
| | | | 4. ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.<br>5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ.<br>6. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനി കയർനിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.<br>7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.<br>8. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്റ്റ് അധിഷ്ഠിത ധനസഹായം.<br>**കേരഗ്രാമം രണ്ടാംവർഷം:**<br>രണ്ടാം വർഷം 100 ഹെക്ടർ തെങ്ങിൻ പ്രദേശത്ത് മേൽപ്പറഞ്ഞ സംയോജിത വള പ്രയോഗം & സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8..00 ലക്ഷം രൂപ സഹായം നൽകുന്നു.<br><br>**കേരഗ്രാമം മൂന്നാംവർഷം:**<br>മൂന്നാം വർഷം 100 ഹെക്ടർ തെങ്ങിൻ പ്രദേശത്ത് സംയോജിത വള പ്രയോഗത്തിനായി 4 .00 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് സഹായം നൽകുന്നു.. |

സെക്ഷൻ ഓഫീസർ